ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം – ജീവനക്കാര്യം - ശ്രീമതി. ഷെറീന കെ., വനിതാ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 1, വനിതാ ജയിൽ & കറക്ഷണൽ ഹോം, കണ്ണൂർ, ശ്രീമതി. ലിജി കെ.പി., വനിതാ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 1, വനിതാ ജയിൽ & കറക്ഷണൽ ഹോം, വിയ്യൂർ – വെൽഫെയർ ഓഫീസർ ഗ്രേഡ് 2 തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. 23.09.2023 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ നോട്ടിഫിക്കേഷൻ.

2. 13.09.2017 തീയതിയിലെ സ.ഉ. (സാധാ)-2411/2017/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ്.

3. 06/12/2017 തീയതിയിലെ ബി3/55/2017/ആഭ്യന്തരം നമ്പർ സർക്കാർ കത്ത്.

4. കണ്ണൂർ വനിതാ ജയിൽ & കറക്ഷണൽ ഹോം സൂപ്രണ്ടിന്റെ 21.09.2023 തീയതിയിലെ E-1336/2023/WPKനമ്പർ കത്ത് മുഖാന്തിരം ശ്രീമതി. ഷെറീന കെ. സമർപ്പിച്ച 20.09.2023 തീയതിയിലെ അപേക്ഷ.

5. വിയ്യൂർ വനിതാ ജയിൽ & കറക്ഷണൽ ഹോം സൂപ്രണ്ടിന്റെ 27.09.2023 തീയതിയിലെ E-727/2023/WPV നമ്പർ കത്ത് മുഖാന്തിരം ശ്രീമതി. ലിജി കെ.പി. സമർപ്പിച്ച 25.09.2023 തീയതിയിലെ അപേക്ഷ.

6. മാനന്തവാടി ജില്ലാ ജയിൽ സൂപ്രണ്ടിന്റെ 26.12.2022 തീയതിയിലെ E-55/2022/DJM നമ്പർ കത്ത് മുഖാന്തിരം ശ്രീ. രജീഷ് ജെ. ബി. സമർപ്പിച്ച 22.12.2022 തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ. E1-15018/2022/PrHQ; തീയതി : 01-11-2023**

ജയിൽ വകുപ്പിലെ വെൽഫെയർ ഓഫീസർ ഗ്രേഡ് 2 തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേന നിയമനം നടത്തേണ്ട 3 ഒഴിവുകളിലേക്ക് എക്സിക്യൂട്ടീവ് വിഭാഗത്തിൽ നിന്നും നിയമനം

നടത്തുന്നതിന് പരാമർശം 1 ലെ നോട്ടിഫിക്കേഷൻ മുഖാന്തിരം അപേക്ഷ ക്ഷണിക്കുകയുണ്ടായി. ടി ഒഴിവുകൾ റൊട്ടേഷൻ ലിസ്റ്റ് പ്രകാരം എക്സിക്യൂട്ടീവ് വിഭാഗത്തിനായി നിജപ്പെടുത്തിയിരുന്നു. പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരം നിശ്ചയിച്ച തീയതിയ്ക്കുള്ളിൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ നിന്നും നിശ്ചിത യോഗ്യതയുള്ള 2 അപേക്ഷകൾ ലഭിച്ചിരുന്നു.

പരാമർശം 3ലെ സർക്കാർ കത്ത് പ്രകാരം വെൽഫെയർ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ തസ്തികമാറ്റം മുഖേനയുള്ള നിയമനം വകുപ്പതലത്തിൽ തന്നെ നടത്താവുന്നതാണെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്. അപ്രകാരം എക്സിക്യൂട്ടീവ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ യോഗ്യതയുള്ള അപേക്ഷകർ കണ്ണൂർ വനിതാ ജയിൽ & കറക്ഷണൽ ഹോമിലെ വനിതാ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 1, ശ്രീമതി. ഷെറീന കെ., വിയ്യൂർ വനിതാ ജയിൽ & കറക്ഷണൽ ഹോമിലെ വനിതാ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 1, ശ്രീമതി. ലിജി കെ.പി. എന്നിവരാണ്.

പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി. ഷെറീന കെ., ശ്രീമതി. ലിജി കെ.പി. എന്നിവരെ വെൽഫെയർ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ 55200-115300 ശമ്പളസ്കെയിലിൽ തസ്തികമാറ്റം മുഖേന യഥാക്രമം ജില്ലാ ജയിൽ, മാനന്തവാടി, ജില്ലാ ജയിൽ, ഇടുക്കി എന്നീ സ്ഥാപനങ്ങളിൽ നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷത്തെ സേവനമാണ്.

പരാമർശം6 ലെ അപേക്ഷ പരിഗണിച്ച് മാനന്തവാടി ജില്ലാ ജയിലിലെ വെൽഫെയർ ഓഫീസർ ഗ്രേഡ്-2 ശ്രീ. രജീഷ് ജെ.ബി.യെ തിരുവനന്തപുരം സെൻട്രൽ ജയിൽ & കറക്ഷണൽ ഹോമിലേക്ക് സ്ഥലംമാറ്റം നൽകികൊണ്ട് ഉത്തരവാകുന്നു.

ഉത്തരവ് നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

Balram Kumar Upadhyay

ബൽറാം കുമാർ ഉപാദ്ധ്യായ ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

E1-15018/2022/PrHQ 95f3dc

സ്വീകർത്താവ്: 1. ശ്രീമതി. ഷെറീന കെ.,
വനിതാ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 1,
വനിതാ ജയിൽ & കറക്ഷണൽ ഹോം, കണ്ണൂർ.
2. ശ്രീമതി. ലിജി കെ.പി.,
വനിതാ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 1,
വനിതാ ജയിൽ & കറക്ഷണൽ ഹോം, വിയ്യൂർ.
3. ശ്രീ. രജീഷ് ജെ.ബി,
വെൽഫെയർ ഓഫീസർ ഗ്രേഡ് 2,
ജില്ലാ ജയിൽ, മാനന്തവാടി.

പകർപ്പ് : 1. The Accountant General (A&E),
Kerala, Thiruvananthapuram
2. DIG, NZ/CZ/SZ
3. സൂപ്രണ്ട്,
സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം.
വനിതാ ജയിൽ & കറക്ഷണൽ ഹോം, കണ്ണൂർ/വിയ്യൂർ.
ജില്ലാ ജയിൽ, മാനന്തവാടി/ഇടുക്കി.
ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഓഫീസർമാക്കും
TC3